പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3501 14/03/2017-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.കെ. രാജൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള പോലീസിലെ സബ് ഇൻസ്പെക്ടർ തസ്തിക(ലോക്കൽ)യുടെ കേഡർ സ്ട്രെംഗ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള പോലീസിലെ സബ് ഇൻസ്പെക്ടർ തസ്തിക(ലോക്കൽ) യുടെ കേഡർ സ്ട്രെംഗ്ത് 1431 ആണ്. |
| (ബി) | സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ എസ്.ഐ.മാരുടെ 49 ഒഴിവുകൾ ഉണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ബഹു. കേരള ഹൈക്കോടതിയുടെ 26/8/2014-ലെ ഉത്തരവ് (OA (EKM) No.200/2014 filed by Sri.Harish M.C. And others) പ്രകാരം 137 എസ്.ഐ.മാരുടെ ഒഴിവുകൾ അധികമായി 05/11/2014 തീയതിയിൽ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം, ഡിപ്പാർട്ട്മെന്റിൽ നിലവിലില്ലാത്ത ഒഴിവുകളിലേയ്ക്ക് പി.എസ്.സി അഡ്വൈസ് ചെയ്താൽ, ഡിപ്പാർട്ടമെന്റിന് ടി ഉദ്യോഗാർത്ഥികളെ accommodate ചെയ്യുവാൻ കഴിയാത്ത സാഹചര്യം വരുമെന്നതിനാൽ, സർക്കാർ ഉത്തരവ് നം. (എം.എസ്) 76/2016/ആഭ്യന്തരം പ്രകാരം എസ്.ഐ.മാരുടെ 137 സൂപ്പർ ന്യൂമററി തസ്തികകൾ പുതുതായി സൃഷ്ടിച്ചു. മേൽപ്പറഞ്ഞ 137 ഒഴിവുകളിൽ 3 വർഷം വരെ ഉണ്ടാകാവുന്ന എസ്.ഐ.മാരുടെ ഒഴിവുകൾ അഡ്ജസ്റ്റ് ചെയ്യണമെന്നുള്ള വ്യവസ്ഥയോട് കൂടിയായിരുന്നു സർക്കാർ ഉത്തരവായത്. ഇപ്രകാരം 137 ഒഴിവുകൾ കണ്ടെത്തി, ഈ സൂപ്പർ ന്യൂമററി തസ്തികകൾ അഡ്ജസ്റ്റ് ചെയ്തു കഴിയുമ്പോൾ, ഭാവിയിൽ അത് റെഗുലർ തസ്തികകളായി മാറ്റപ്പെടും. ആയതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ